**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 799** **26-07-2021 - ൽ മറുപടിയ്ക്ക്**

**ഷൊർണ്ണൂർ മണ്ഡലത്തിലെ പൊതുവിദ്യാലയങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | **Shri V Sivankutty**<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ഷൊർണ്ണൂർ മണ്ഡലത്തിൽ എത്ര പൊതുവിദ്യാലയങ്ങൾ ഉണ്ടെന്നും അവയിൽ സർക്കാർ സ്കൂളുകൾ എത്രയെന്നും എയ്ഡഡ് സ്കൂളുകൾ എത്രയെന്നും അറിയിക്കാമോ; | (എ) | ഷൊർണ്ണൂർ മണ്ഡലത്തിൽ 4 സർക്കാർ സ്കൂളുകളും 60 എയ്ഡഡ് സ്കൂളുകളും ഉണ്ട് |
| (ബി) | കോവിഡ് കാലഘട്ടത്തിൽ പ്രസ്തുത വിദ്യാലയങ്ങളിൽ പഠിക്കുന്ന കുട്ടികളുടെ 'ഡിജിറ്റൽ ഡെഫിഷ്യൻസി' പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ; | (ബി) | സ്വീകരിച്ചിട്ടുണ്ട്. 1 മുതൽ 12 വരെയുള്ള സർക്കാർ / എയ്ഡഡ് സ്കൂളുകളിലെ വിദ്യാർത്ഥികളിൽ ഓൺലൈൻ പഠനത്തിന് ഡിജിറ്റൽ ഉപകരണങ്ങ ളില്ലാതെയുള്ള വിദ്യാർത്ഥികൾക്കായി പി.ടി.എ പൂർവ്വ വിദ്യാർത്ഥി കൂട്ടായ്മ, സന്നദ്ധ സംഘടനകൾ എന്നിവയുടെ സഹായ ത്തോടെ ഡിജിറ്റൽ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. |
| (സി) | മണ്ഡലത്തിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുട്ടികളുടെ പഠനത്തിനാവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദീകരിക്കാമോ? | (സി) | മണ്ഡലത്തിലെ സ്കൂളുകളിൽ നിന്നും ഡിജിറ്റൽ ഉപകരണങ്ങളുടെ കുറവ് മൂലം പഠന സൗകര്യം ലഭിക്കാത്ത വിദ്യാർത്ഥികളുടെ വിവര ശേഖരണം നടത്തിയിട്ടുണ്ട്. ആയതിൻ പ്രകാരം ലഭിച്ച കണക്കുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറി പ്രശ്ന പരിഹാരത്തിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ